**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **04/02/2020-ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് ലക്ഷ്യമിടുന്ന നേട്ടങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ജോയി<br>,, കെ.സുരേഷ് കുറുപ്പ്<br>,, സി. കെ. ശശീന്ദ്രൻ<br>,, എം. രാജഗോപാലൻ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രത്യേകിച്ച് കാർഷിക മേഖലയിലും ചെറുകിട വ്യാപാര വ്യവസായ മേഖലയിലും കേരള ബാങ്ക് ലക്ഷ്യമിടുന്ന നേട്ടങ്ങൾ വിശദമാക്കാമോ ; | (എ) | കാർഷിക-വ്യവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തി പകരും. കാർഷികമേഖലയിൽ 1% പലിശയിൽ ഇളവുവരുത്തി 6% നിരക്കിൽ 5000 കോടി രൂപ ഈ സാമ്പത്തിക വർഷം നബാർഡിന്റെ പുനർവായ്പാ പദ്ധതിയിലൂടെ കേരള ബാങ്ക് വഴി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു. ചെറുകിട വ്യാപാര വ്യവസായ മേഖലയുടെ ഉന്നമനത്തിനായും മൈക്രോ ഫിനാൻസ് രംഗത്ത് കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും കേരള ബാങ്കിന്റെ വരവ് സഹായകമാവും. ചെറുകിട വ്യവസായ വാണിജ്യ മേഖലയ്ക്ക് ലോൺ നൽകുന്നതിനായി വ്യക്തമായ പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ബാങ്കിന്റെ ആദ്യത്തെ പൊതുയോഗം അംഗീകരിച്ച ദർശന രേഖ, ബിസിനസ് ലക്ഷ്യം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സഹകരണ രംഗത്ത് സമസ്തമേഖലകളിലും ഉയർന്ന കാര്യക്ഷമതയോടുകൂടി എല്ലാ ബാങ്കിംഗ്/ ധനകാര്യ സേവനങ്ങളും സമൂഹത്തിനാകെ ഒരു കുടക്കീഴിൽ നൽകാനും അതുവഴി സാമൂഹിക പ്രതിബദ്ധത നിലനിർത്തുന്നതിനും രാജ്യത്തിനകത്തും വിദേശങ്ങളിലും പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുമായുള്ള ഒരു ദർശന രേഖ ബാങ്കിന്റെ വിശേഷാൽ പൊതുയോഗം അംഗീകരിച്ചു.<br>സഹകരണ മേഖലയിൽ വളരെ ശക്തിപൂർവ്വമായതും, സാമൂഹിക പ്രതിബദ്ധതയുള്ളതു- |

| | | | |
|---|---|---|---|
| | | | മായ, എന്നാൽ ഇതര സഹകരണ പ്രസ്ഥാനങ്ങളെ ചേർത്തുനിർത്തിക്കൊണ്ട് സമ്പൂർണ്ണ സാമ്പത്തിക/ബാങ്കിംഗ് സേവനങ്ങൾ ആധുനിക സാങ്കേതിക മികവോടെ ന്യായമായ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകാൻ കഴിയുന്ന ഒരു പ്രസ്ഥാനമായി ഉയർത്തിക്കൊണ്ടുവരുന്ന ഒരു ദൗത്യരേഖയും ബാങ്കിന്റെ വിശേഷാൽ പൊതുയോഗം അംഗീകരിച്ചു.<br>അടുത്ത മൂന്നുവർഷം കൊണ്ട് 3 ലക്ഷം കോടി രൂപയുടെ ബിസിനസ്സ് ലക്ഷ്യത്തിന്റെ കണക്കുകളും ബാങ്കിന്റെ സ്പെഷ്യൽ ജനറൽബോഡി യോഗത്തിന് മുമ്പാകെ അവതരിപ്പിച്ചു. ആയത് താഴെ വിവരിക്കുന്നു. |

| Particulars | Un-audited | Projections | Projections | Projections |
|---|---|---|---|---|
| Year | 29.11.2019 | 2021 | 2022 | 2023 |
| Share Capital | 1,619.00 | 3,800.00 | 4,500.00 | 5,400.00 |
| Total Deposits | 53,469.00 | 90,000.00 | 1,40,000.00 | 1,75,000.00 |
| CASA | 6,495.00 | 20,000.00 | 42,000.00 | 65,000.00 |
| CASA | 12% | 22% | 30% | 35% |
| NRE/NRO | 94.00 | 10,000.00 | 15,000.00 | 20,000.00 |
| Loans | 36,873.00 | 63,000.00 | 98,000.00 | 1,25,000.00 |
| Agri.Loans | 3,800.00 | 7,500.00 | 10,000.00 | 15,000.00 |
| CD Ratio | 69% | 70% | 70% | 71% |
| Total Business | 90,342.00 | 1,53,000.00 | 2,38,000.00 | 3,00,000.00 |

| | | | |
|---|---|---|---|
| (സി) | സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ ഗ്രാമ, നഗര പ്രദേശങ്ങളിലെ സാധാരണക്കാർക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് കേരള ബാങ്ക് ലക്ഷ്യമിടുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | കേരള ബാങ്കിന്റെ **Common Core Banking Solution** ഏർപ്പെടുത്തുന്നതിലൂടെ സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ട് തന്നെ കേരളത്തിലെ എല്ലാ ഗ്രാമനഗര പ്രദേശങ്ങളിലും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതാണ്.<br><br>**1600-ൽ** പരം വരുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് **4000-ത്തിൽ** അധികംവരുന്ന **Banking touch points** ആണ് ഉള്ളത്. ഈ ബാങ്കിംഗ് ശൃംഖലയും കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഭാവിയിൽ ഉപയോഗപ്പെടുത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ.